# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2584 01.04.2013-ൽ മറുപടിക്ക്

## പട്ടികജാതി വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ് യഥാസമയം ഹോസ്റ്റലുകൾക്ക് നൽകുന്നതിൽ കാലതാമസം വരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സ്ഥാപനങ്ങൾ ക്ലെയിം സ്റ്റേറ്റ്മെന്റ് നൽകുന്ന മുറയ്ക്ക് മെസ് അലവൻസ് അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിലെ ഏതെല്ലാം കോളേജുകളിലെ ഹോസ്റ്റലുകൾക്കാണ് മെസ്സ് അലവൻസ് കുടിശ്ശികയുള്ളതെന്നും എത്ര മാസത്തെ കുടിശ്ശികയാണ് കൊടുക്കാനുള്ളതെന്നും വിശദമാക്കുമോ ; | (ബി) | 2011-12 വർഷം ചിറ്റൂർ ഗവ. കോളേജ് ഹോസ്റ്റലിൽ താമസിച്ചിരുന്ന 9 വിദ്യാർത്ഥികൾക്ക്, ക്ലെയിം അയച്ചതിലുള്ള അപാകത മൂലം 1,03,378/- രൂപയും, ഗവ. വിക്ടോറിയ കോളേജ് ഹോസ്റ്റലിൽ 2011-12 വർഷം ഏപ്രിൽ, മെയ് മാസങ്ങളിൽ ഹോസ്റ്റലിൽ താമസിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക്, പ്രസ്തുത മാസങ്ങളിൽ ഹോസ്റ്റലിൽ തുടർന്ന് താമസിക്കുന്നതിന് അനുമതി വാങ്ങാതിരുന്നതുമൂലം 2,16,000/- രൂപയും മെസ് അലവൻസിനത്തിൽ നൽകാനുണ്ട്. |
| (സി) | മെസ്സ് അലവൻസ് യഥാസമയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | സ്ഥാപനങ്ങൾ ക്ലെയിം സ്റ്റേറ്റ്മെന്റ് നൽകുന്ന മുറയ്ക്ക് മെസ് അലവൻസ് അനുവദിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ആഫീസർ**